# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ:4246

24.06.2019-ലെ മറുപടി

### വാട്ടർ അതോറിറ്റിയെ ലാഭകരമായ സ്ഥാപനമായി മാറ്റുമെന്ന പ്രഖ്യാപനം

| ചോദ്യം | | | മറുപടി |
|---|---|---|---|
| ശ്രീ.വി.എസ്.ശിവകുമാർ<br>ശ്രീ.എം. വിൻസെന്റ്<br>ശ്രീ.സണ്ണി ജോസഫ്<br>ശ്രീ.വി.പി.സജീന്ദ്രൻ | | | കെ.കൃഷ്ണൻ കുട്ടി<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) | വെള്ളക്കരം വർദ്ധിപ്പിക്കാതെ അടുത്ത അഞ്ച് വർഷക്കാലത്തെ പ്രവർത്തന മികവിലൂടെ വാട്ടർ അതോറിറ്റിയെ ലാഭകരമായ സ്ഥപനമായി മാറ്റുമെന്ന പ്രഖ്യാപനം നടത്തിയിരുന്നോ; | (എ) & (ബി) | ഉണ്ട്. ഇതിനായി ചുവടെ പറയുന്ന കർമ്മ പദ്ധതികൾ തയ്യാറാക്കി വിജയകരമായി നിർവഹിച്ചു വരുന്നു.<br>1. വാട്ടർ അതോറിറ്റി സർക്കാരിന് നൽകാനുള്ള 1004 കോടി രൂപയുടെ പലിശയും പിഴപ്പലിശയും എഴുതിതള്ളുകയും 713 കോടി രൂപയുടെ സർക്കാർ വായ്പകൾ ബോർഡിന്റെ ഓഹരി മൂലധനമാക്കി മാറ്റുകയും ചെയ്തു.<br>2. ജല വിതരണ ശൃംഖലയിലെ ജല ചോർച്ച തടയുന്നതിന് പഴക്കം ചെന്ന എല്ലാ പൈപ്പുകളും പമ്പുകളും മാറ്റി സ്ഥാപിക്കുന്നതിനും ഒട്ടനവധി പദ്ധതികൾ ചെറിയതുക ചെലവഴിച്ച് പൂർണ്ണമായും വിനിയോഗ സജ്ജമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br>3. നഗരമേഖലയിലെ പദ്ധതികൾ മുൻഗണന നൽകി പൂർത്തിയാക്കുന്നതിനും ഉപഭോക്താക്കൾക്ക് മെച്ചപ്പെട്ട സേവനം നൽകി വാട്ടർ അതോറിറ്റിയുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനുമുള്ള നടപടികൾ കൈകൊണ്ടു വരുന്നു. |
| (ബി) | എങ്കിൽ ഇതുപ്രകാരം പ്രവർത്തന മികവിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; അത് വിജയ പ്രദമാണോ; | | |
| (സി) | കേരള വാട്ടർ അതോറിറ്റിയുടെ പ്രവർത്തന ചെലവ് കുറയ്ക്കുന്നതിന് ഇതിനകം സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; അത് ഫലപ്രദ മാണെന്ന് വിലയിരുത്തുന്നുണ്ടോ; | (സി) | ➢ പൈപ്പുകളുടെ ചോർച്ച പരിഹരിക്കുന്നതിനും ജല വിതരണ ശൃംഖല പുനരുദ്ധരിക്കുന്നതിനും വേണ്ടി സംസ്ഥാനത്തെ കാലഹരണപ്പെട്ട ട്രാൻസ്മിഷൻ മെയിനുകൾ മാറ്റി പുതിയവ സ്ഥാപിക്കുന്നതിന് കിഫ്ബിയിൽ ഉൾപ്പെടുത്തി 382.64 കോടി രൂപയുടെ പദ്ധതികൾക്ക് ഭരണാനുമതി നൽകി. പ്രസ്തുത പദ്ധതികൾ സമയബന്ധിതമായി |

| ചോദ്യം | | മറുപടി | |
|---|---|---|---|
| | | | പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു .<br>➢ കേരള ജല അതോറിറ്റിയുടെ ശുദ്ധജല വിതരണ ശൃംഖലയിലൂടെയുള്ള ചോർച്ച ഒഴിവാക്കുവാനുള്ള കേന്ദ്ര സംസ്ഥാന സംയുക്ത പദ്ധതിയായ അമൃതിൽ ഉൾപ്പെടുത്തി കേരളത്തിലെ 9 നഗരങ്ങളിൽ (തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കൊച്ചി, തൃശ്ശൂർ, ഗുരുവായൂർ, പാലക്കാട്, കോഴിക്കോട്, കണ്ണൂർ) പഴകിയതും, കാലാവധി കഴിഞ്ഞതുമായ പൈപ്പുകൾ മാറ്റി പുതിയവ സ്ഥാപിക്കുവാനായി 143.45 കോടി രൂപയുടെ 16 പദ്ധതികൾക്ക് സർക്കാർ ഭരണാനുമതി നൽകി പ്രവർത്തനങ്ങൾ കേരള വാട്ടർ അതോറിറ്റിയിലൂടെ പുരോഗമിച്ചു വരുന്നു.<br>➢ സംസ്ഥാന ഗവൺമെൻറിന്റെ 2017-18 സ്റ്റേറ്റ് പ്ലാനിൽ ഉൾപ്പെടുത്തി കാലപ്പഴക്കംചെന്ന പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്നതിന് ആവശ്യമായ പ്രവർത്തികൾക്ക് 59.57 കോടി രൂപക്ക് ഭരണാനുമതി നൽകി. ഈ പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br>➢ തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ നഗരങ്ങളിൽ 24 X 7 ജല വിതരണ സംവിധാനം ഒരുക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കി വരുന്നു. |
| (ഡി) | കേരളത്തിലെ പരമാവധി വീടുകളിലും സ്ഥാപനങ്ങളിലും കണക്ഷൻ നൽകി പൊതുജനാരോഗ്യം സംരക്ഷിക്കുന്നതിനും വരുമാന വർദ്ധനവ് ഉണ്ടാക്കുന്നതിനും നടപ്പിലാക്കുന്ന പദ്ധതികൾ എന്തൊക്കെയാണ്; | (ഡി) | ➢ പ്രതിവർഷം രണ്ടു ലക്ഷം പുതിയ കണക്ഷൻ നൽകുകയെന്ന ലക്ഷ്യത്തോടു കൂടി കണക്ഷൻ എടുക്കുന്നതിനു വേണ്ടിയുള്ള നടപടി ക്രമങ്ങൾ ലഘൂകരിച്ചിട്ടുണ്ട്. കുടിവെള്ള കണക്ഷനുകൾ വേഗത്തിൽ ലഭ്യമാക്കുന്നതിനുവേണ്ടി കണക്ഷൻ നൽകുന്നതിനുള്ള അധികാരം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയറിൽ നിന്നും അസിസ്റ്റന്റ് എൻജിനീയറിൽ നിക്ഷിപ്തമാക്കിയിട്ടുണ്ട്.<br>➢ വാട്ടർ കണക്ഷനുകൾക്ക് വേണ്ടിയുള്ള അപേക്ഷകൻ ഓൺലൈൻ വഴി സമർപ്പിക്കുവാനുള്ള സംവിധാനവും നടപ്പിലാക്കി വരുന്നുണ്ട്. |

| ചോദ്യം | | മറുപടി | |
|---|---|---|---|
| | | | ➤ പ്ലംബർമാർ മുഖേനയല്ലാതെ അതോറിറ്റി വഴി നേരിട്ട് കണക്ഷൻ എടുക്കുന്നതിനുള്ള സൗകര്യവും ഏർപ്പെടുത്തിയിട്ടുണ്ട്.<br>➤ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ, എസ്.സി, എസ്.റ്റി, ബി.പി.എൽ എന്നീ വിഭാഗക്കാർക്ക് കുടിവെള്ള കണക്ഷൻ നൽകുന്നതിനായി പ്രോജക്റ്റുകൾ തയ്യാറാക്കുകയും അതനുസരിച്ച് കണക്ഷൻ കൊടുക്കുകയും ചെയ്യുന്നു . |
| (ഇ) | വാട്ടർ അതോറിറ്റിക്ക് നിലവിൽ ലഭിക്കുവാനുള്ള വെള്ളക്കര കുടിശ്ശിക പിരിച്ചെടുക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;അത് ഫല പ്രദമാണോ? | (ഇ) | ➤ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി കളിലൂടെയും തവണ വ്യവസ്ഥകൾ നൽകിയും ഉപഭോക്താക്കളിൽ നിന്നും വെള്ളക്കര കുടിശ്ശിക പിരിച്ചെടുക്കുന്നു. ഇത്തരത്തിൽ 2018-19 സാമ്പത്തിക വർഷം ഉപഭോക്താക്കളിൽ നിന്നും 545.38 കോടി രൂപ പിരിച്ചെടുത്തിട്ടുണ്ട്<br>➤ റവന്യൂ വർദ്ധിപ്പിക്കുന്നതിനായി ഡിവിഷൻ തലത്തിൽ കണക്ഷനുകൾക്കനുസൃതമായി റവന്യൂ ടാർജറ്റുകൾ നൽകുകയും ഇത് കൃത്യമായി പിരിക്കുന്നുണ്ടെന്ന് ഉറപ്പാക്കുവാൻ റവന്യൂ മീറ്റിങ്ങുകളും കേരള വാട്ടർ അതോറിറ്റി നടത്തി വരുന്നു.<br>➤ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വാട്ടർ അതോറിറ്റിയ്ക്ക് നൽകുവാനുള്ള വെള്ളക്കര കുടിശ്ശിക 6% പലിശയിനത്തിൽ പുനക്രമീകരിച്ച് നൽകി കുടിശ്ശിക തീർപ്പാക്കി വാട്ടർ അതോറിറ്റിയിൽ നൽകുകയും ആയത് കെ.എസ്.ഇ.ബിയ്ക്ക് ഒടുക്കുക വഴി കുടിശ്ശിക തുക കുറക്കുന്നതിനും സാധിച്ചിട്ടുണ്ട്.<br>➤ ഉപഭോക്തക്കൾക്ക് വെള്ളക്കരം എളുപ്പ ത്തിൽ ഒടുക്കുന്നതിനായി ഓൺലൈനായി Quick Pay സംവിധാനം നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ